# ജില്ലാ മെഡിക്കൽ ഓഫീസ്(ആരോഗ്യം) കോഴിക്കോട്

സിവിൽ സ്റ്റേഷൻ (പി.ഒ )- 673020-ഫോൺ 0495 2370494

ഇമെയിൽ - dmokkd.hsd@kerala.gov.in,

നമ്പർ: DMOH-KKD/6414/2025-A6 തിയ്യതി : 17-03-2026

<u>അനുബന്ധം H4</u>

<u>നോട്ടീസ്</u>

ശ്രീ. അഖിൽ.കെ (PEN 758535) കുറ്റിക്കാട്ടിൽ വീട് , കുന്ദമംഗലം പി ഓ, കോഴിക്കോട് - 673571 എന്നവരുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തുന്നത് എന്തെന്നാൽ താങ്കൾ കോഴിക്കോട് സർക്കാർ മനസികാരോഗ്യകേന്ദ്രത്തിൽ നഴ്സിംഗ് ഓഫീസർ ആയി ജോലി ചെയ്തുവരവെ 25/10/2023 തീയ്യതി മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയാണെന്നുള്ള ഗുരുതരമായ കുറ്റം ചെയ്തിരിക്കയാൽ 1960 ലെ Kerala Civil Services (Classification, Control & Appeal) ചട്ടം 15 പ്രകാരം കുറ്റാരോപണ മെമ്മോ DMOH-KKD/6414/2025-A6 തീയ്യതി 22/11/2025 പ്രകാരം അവസാനമായി അറിവുള്ള താങ്കളുടെ മേൽവിലാസത്തിൽ രേഖാമൂലം അയക്കുകയുണ്ടായി. എന്നാൽ പ്രസ്തുത കുറ്റാരോപണ മെമ്മോ താങ്കൾ കൈപറ്റാതെ " അഡ്രെസ്സീ ലെഫ്റ്റ് ഇന്ത്യ " എന്ന് പറഞ്ഞു തിരിച്ചു വരികയാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം താങ്കൾക്കെതിരായി സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടികൾക്കെതിരായി താങ്കളുടെ പ്രതിവാദപത്രികയോ വിശദീകരണമോ ഈ ഓഫീസിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ ഇനിയൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ നടപടികൾ തുടരുന്നതാണെന്നുള്ള വിവരം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മേൽപ്പറഞ്ഞ കുറ്റാരോപണ മെമ്മോയുടെ മുഴുവൻ ഭാഗങ്ങളും നിശ്ചയിക്കപ്പെട്ട തീയതിക്കുള്ളിൽ പ്രവർത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്ന് നേരിട്ടോ അല്ലെങ്കിൽ ശരിയായ മേൽ വിലാസം സഹിതം രേഖാമൂലം അപേക്ഷിക്കുകയാണെങ്കിൽ തപാൽ മാർഗ്ഗമോ താങ്കൾക്ക് ലഭ്യമാക്കുന്നതാണ്.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
കോഴിക്കോട്

Digitally signed by
RAJARAM KIZHAKKEKKANDIYIL
Date: 17-03-2026 17:50:36